വൃക്ഷത്തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത

43 (3575) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെച്ചപ്പെട്ട ഇനം വിത്തുകൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനും വനംവകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളും പദ്ധതികളുമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) തേക്ക്, പൾപ്പ്വുഡ്, വൃക്ഷതൈകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എവിടെയെല്ലാം കേന്ദ്രീകൃത നഴ്സറികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) തേക്ക്, യൂക്കാലി, ഈട്ടി, ഉറപ്പുകുറഞ്ഞ മരങ്ങൾ മുതലായ വിലപിടിപ്പുള്ളതും വ്യവസായത്തിന് ആവശ്യമുള്ളതുമായ വൃക്ഷത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ഇ) വർഷംതോറും എത്ര ഹെക്ടർ സ്ഥലത്ത് തേക്കും, യൂക്കാലിയും വിളപ്പെടുപ്പ് നടക്കുന്നുണ്ട് ;

(എഫ്) സംസ്ഥാനത്ത് വനമേഖലയിൽ നിന്നുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തെ വരുമാനം എത്ര വീതമെന്ന് കാണിക്കുന്ന സ്റ്റേറ്റുമെന്റ് നൽകുമോ ?

ഉത്തരം

(എ) മെച്ചപ്പെട്ട തേക്ക് വിത്തുകൾ വിത്തുൽപ്പാദന ഏരിയകളിൽ നിന്നാണ് ശേഖരിക്കുന്നത്. കൂടാതെ, ഉൽപ്പാദനക്ഷമത കൂടിയ അക്കേഷ്യ, യൂക്കാലിപ്റ്റ്സ് വിത്തുകൾ മൈസൂർ പേപ്പർ മില്ലിൽ നിന്നും, ആസ്ട്രേലിയായിൽനിന്നും ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന കേരളാഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ഇറക്കുമതി ചെയ്യുകയുണ്ടായി. കൂടാതെ 4 കേന്ദ്രീകൃത തവാരണകളിൽ കംപോസ്റ്റ് നിറച്ച റൂട്ട് ട്രെയിനറുകളിൽ വളർത്തിയെടുക്കുന്ന നല്ലയിനം വൃക്ഷ തൈകളും മുന്തിയ ഇനം വിത്തിൽ നിന്നുള്ള സ്റ്റംബുകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇവ നട്ടുപിടിപ്പിക്കുന്ന തോട്ടങ്ങളിൽ മണ്ണുസംരക്ഷണം, വളംഇടീൽ, കീടങ്ങളും മറ്റു രോഗങ്ങിൽ നിന്നുമുള്ള സംരക്ഷണം കൂടാതെ മറ്റു പരിചരണ പ്രവൃത്തികളും ചെയ്തു വരുന്നുണ്ട്.

(ബി&സി) ഉണ്ട്. വനം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഇതിനായി 4 കേന്ദ്രീകൃത നഴ്സറികൾ താഴെപറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1) ഡീസന്റ് മുക്ക് - കുളത്തുപ്പുഴ റെയിഞ്ച് (കൊല്ലം സർക്കിൾ)
(2) ചെട്ടിക്കുളം (തൃശൂർ സർക്കിൾ)
(3) വള്ളുവശ്ശേരി (ഒലവക്കോട് സർക്കിൾ)
(4) ചെറുവാഞ്ചേരി (കോഴിക്കോട് സർക്കിൾ)

(ഡി) സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് റോസ്വുഡ്, റീജനറേഷൻ ഓഫ് ഡിസയേർഡ് സ്പീഷിസ്, ഹാർഡ്വുഡ് സ്പീഷിസ്, ഇൻഡസ്ട്രിയൽ റാ മെറ്റീരിയൽസ് എന്നീ സ്കീമുകളിലും ലോക ബാങ്ക് സഹായത്തോടെയുള്ള കേരളാ ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി തേക്ക് തോട്ടങ്ങളും പൾപ്പ് വുഡ് തോട്ടങ്ങളും നിർമ്മിക്കൽ എന്നിവയാണ് വ്യവസായത്തിനാവശ്യമായ വൃക്ഷത്തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ കേരളാ ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ചും കേന്ദ്രസഹായത്തോടെ (50%) നടപ്പാക്കിവരുന്ന ഫ്യൂഡൽ ആന്റ് ഫോയർ പദ്ധതിയിലും വൃക്ഷത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

(ഇ) വർക്കിംഗ് പ്ലാൻ, മാനേജുമെന്റ് പ്ലാൻ എന്നിവ നിഷ്കർഷിച്ചിട്ടുള്ള റൊട്ടേഷൻ പ്രായം എത്തുന്ന തോട്ടങ്ങളാണ് ഓരോ വർഷവും വിളവെടുക്കുന്നത്. ആയതിനാൽ തോട്ടങ്ങളുടെ വിസ്തീർണം ഓരോ വർഷവും വ്യത്യാസപ്പെട്ടിരിക്കും. നടപ്പു വർഷം വിവിധ സ്ഥലങ്ങളിലായി 2,477 ഹെക്ടർ തേക്കുതോട്ടവും, 2,233 ഹെക്ടർ യൂക്കാലി തോട്ടവും വിളവെടുപ്പ് നടത്തുന്നുണ്ട്.

(എഫ്) വനമേഖലയിൽ നിന്നുള്ള വരുമാനത്തിൽ 1995 - 96 വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 1996 -97 - നുശേഷം വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

കഴിഞ്ഞ 5 വർഷത്തെ വരുമാനം താഴെ കൊടുക്കുന്നു.

1994-95	13,688.5 ലക്ഷം
1995-96	16,076.5ലക്ഷം
1996-97	15,891 ലക്ഷം
1997-98	14,237 ലക്ഷം
1998-99	12,079 ലക്ഷം

എൻ. ഒ. സി. നൽകുന്നതിനുള്ള അധികാരം

44 (3576) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയം നൽകുന്നതിനായി കർഷകർ നൽകുന്ന അപേക്ഷകളിന്മേൽ ലാൻഡ് ട്രൈബ്യൂണൽ തീരുമാനമെടുക്കുമ്പോൾ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകാൻ ഇതുവരെ ഡി. എഫ്. ഒ. മാർക്കുണ്ടായിരുന്ന അധികാരം ചീഫ് കൺസർവേറ്റർക്ക് നൽകാനുള്ള കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly